# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യൂ., തീയതി: 09.03.2021

**പ്രസിദ്ധീകരണത്തിന്**

**പുനഃക്രമീകരിച്ച പരീക്ഷകൾ**

അഫീലിയേറ്റഡ് കോളേജുകളിലും സെന്ററുകളിലും **09.03.2021, 10.03.2021** തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന **അഞ്ചാം** സെമസ്റ്റർ ബിരുദ, **മൂന്നാം** സെമസ്റ്റർ ബിരുദാനന്തര ബിരുദ (എം. ബി. എ. ഉൾപ്പെടെ) പരീക്ഷകൾ യഥാക്രമം **16.03.2021 (ചൊവ്വ), 18.03.2021 (വ്യാഴം)** തീയതികളിൽ നടക്കും.

**16.03.2021 (ചൊവ്വ), 18.03.2021 (വ്യാഴം)** തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന **മൂന്നാം** സെമസ്റ്റർ **ബിരുദ** പരീക്ഷകൾ യഥാക്രമം **25.03.2021 (വ്യാഴം), 26.03.2021 (വെള്ളി)** തീയതികളിൽ നടക്കും.

വെള്ളിയാഴ്ചകളിലെ പരീക്ഷകൾ ഉച്ചക്ക് 2 മണി മുതൽ അഞ്ച് മണി വരെയും മറ്റ് ദിവസങ്ങളിലെ പരീക്ഷകൾ ഉച്ചക്ക് 01 : 30 മുതൽ 04 : 30 വരെയും നടക്കും.

**ഇന്റേണൽ മാർക്ക്**

സർവകലാശാല പഠനവകുപ്പുകളിലെ **മൂന്നാം** സെമസ്റ്റർ (നവംബർ 2020) പരീക്ഷകളുടെ ഇന്റേണൽ മാർക്ക് **10.03.2021** ന് വൈകുന്നേരം 5 മണിക്കകം സമർപ്പിക്കണം.

**പ്രാക്റ്റിക്കൽ മാർക്ക്**

**രണ്ടാം** സെമസ്റ്റർ **ബിരുദ** (ഏപ്രിൽ 2020) പരീക്ഷകളുടെ പ്രാക്റ്റിക്കൽ മാർക്കുകൾ **16.03.2021** ന് വൈകുന്നേരം 5 മണിക്കകം ഓൺലൈനായി സമർപ്പിക്കണം.

**ഹോൾടിക്കറ്റ്**

അഫീലിയേറ്റഡ് കോളേജുകളിലും സെന്ററുകളിലും 16.03.2021 ന് ആരംഭിക്കുന്ന **അഞ്ചാം** സെമസ്റ്റർ **എം. സി. എ. / എം. സി. എ.** ലാറ്ററൽ എൻട്രി ഡിഗ്രി റെഗുലർ/സപ്ലിമെന്ററി (നവംബർ 2020) പരീക്ഷകളുടെ ഹോൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രായോഗിക പരീക്ഷൾ**

**അഞ്ചാം** സെമസ്റ്റർ **ബി. എ. ഇക്കണോമിക്സ്/ ഡിവെലപ്മെന്റ് ഇക്കണോമിക്സ്** (റെഗുലർ/ സപ്ലിമെന്ററി, നവംബർ 2020) പ്രായോഗിക പരീക്ഷകൾ **12.03.2021** ന് വിവിധ കോളേജുളിൽ നടക്കും. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടുക.

**<u>പരീക്ഷാഫലം</u>**

**രണ്ടാം** സെമസ്റ്റർ **എം. എഡ്.** (റെഗുലർ/ സപ്ലിമെന്ററി, മെയ് 2020) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **23.03.2021** ന് വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാം. മാർക്ക് ലിസ്റ്റുകൾ ലഭ്യമാക്കുന്ന തീയതി പിന്നീട് അറിയിക്കും.

**ഒപ്പ്/-**
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**